പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6715 | 01.11.2011- ലെ മറുപടി

## കണ്ടക്ടർമാരുടെ നിരീക്ഷണകാലം

ചോദ്യം | ഉത്തരം

ശ്രീ. തോമസ് ഉണ്ണിയാടൻ

ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ ഏഴ് വർഷക്കാലമായി പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും കണ്ടക്ടർമാരായി ജോലി ചെയ്യുന്ന 912 പേർക്ക് നാളിതുവരെ താല്ക്കാലിക നിയമനം മാത്രം നൽകിയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ; | (എ) | 2001 -ൽ പി.എസ്.സി പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും കോടതി ഉത്തരവ് പ്രകാരം കെ.എസ്.ആർ.ടി.സി താൽക്കാലികമായി നിയമിച്ച കണ്ടക്ടർമാരിൽപ്പെട്ടവരാണ് ഈ 912 പേർ. പി.എസ്.സി യിൽ നിന്നും നിയമനോപദേശം ലഭിക്കാത്ത പ്രസ്തുത ജീവനക്കാർക്ക് സ്ഥിരനിയമനം നൽകുന്നതിൽ പ്രത്യേക പരിഗണനയോ, അവകാശമോ ഉണ്ടായിരിക്കുകയില്ല എന്നും കോടതി വിധിയിൽ പറഞ്ഞിരുന്നു. അതിനാലാണ് ഇതുവരെയും ഇവർക്ക് താൽക്കാലിക നിയമനം മാത്രം നൽകിയത്. |
| (ബി) | ഇവരുടെ പ്രൊബേഷൻ ഇതുവരെ പ്രഖ്യാപിക്കാത്തതിനുള്ള കാരണമെന്ത് ; | (ബി) യും (സി) യും | താൽക്കാലികമായി നിയമിക്കപ്പെട്ട ജീവനക്കാരുടെ പ്രബേഷൻ ഡിക്ലയർ ചെയ്യുന്നതിനോ സ്ഥിരം ജീവനക്കാർക്കുള്ള സർവ്വീസ് ആനുകൂല്യങ്ങൾ നൽകുന്നതിനോ നിലവിൽ വ്യവസ്ഥയില്ല. ആയതിനാൽ ഈ വിഷയത്തിൽ നടപടികൾ സ്വീകരിക്കാൻ കഴിയില്ല. |
| (സി) | ഇവരുടെ സർവ്വീസ് നിയമ വിധേയമായി നടത്തിയിട്ടുള്ള സാഹചര്യം പരിഗണിച്ച് ഇവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനും ഇവർക്ക് അർഹതപ്പെട്ട മുഴുവൻ ആനുകൂല്യങ്ങളും നൽകുന്നതിനും എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ